പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സമുദായങ്ങൾ

133 (1025) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എൻ. രാജൻ :
ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സമുദായങ്ങൾ ഏതൊക്കെയാണ് ;

(ബി) കേന്ദ്രസർക്കാർ ഇത് സംബന്ധിച്ച് അവസാനമായി ഉത്തരവ് ഇറക്കിയത് എന്നാണ് ; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) ഇത് സംബന്ധിച്ചുള്ള ഭരണഘടനാ ഭേദഗതി പ്രാബല്യത്തിൽ വന്നിട്ടുണ്ടോ ;

(ഡി) എങ്കിൽ എന്ന് മുതലാണ് പ്രാബല്യത്തിൽ വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) അവശതയനുഭവിക്കുന്ന വേട്ടുവ സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ ;

(എഫ്) എങ്കിൽ അതിന് നിദാനമായ കാരണങ്ങൾ വെളിപ്പെടുത്തുമോ ;

(ജി) പുതുതായി ഉൾപ്പെടുത്തിയിട്ടുള്ള ജാതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സമുദായങ്ങളുടെ ലിസ്റ്റ് അനുബന്ധം (I) ആയി ചേർത്തിട്ടുണ്ട്.*

(ബി) 2002-ലെ ആക്റ്റ് 61 പ്രകാരം ഭേദഗതി ചെയ്ത പട്ടികജാതി ലിസ്റ്റ് 18-12-2002- ലെ ഇന്ത്യാ ഗസറ്റിലും 2003- ലെ ആക്റ്റ് 10 പ്രകാരം ഭേദഗതി ചെയ്ത പട്ടികവർഗ്ഗ ലിസ്റ്റ് 8-1-2003-ലെ ഇന്ത്യാ ഗസറ്റിലും വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഗസറ്റ് വിജ്ഞാപനങ്ങളുടെ പകർപ്പുകൾ അനുബന്ധം (II) ആയി ചേർത്തിട്ടുണ്ട്.*

(സി) ഉണ്ട്.

(ഡി) പട്ടികജാതിക്കാരെ സംബന്ധിക്കുന്ന ഭേദഗതി 18-12-2002 മുതലും പട്ടികവർഗ്ഗക്കാരെ സംബന്ധിക്കുന്ന ഭേദഗതി 8-1-2003 മുതലുമാണ് പ്രാബല്യത്തിൽ വന്നിട്ടുള്ളത്.

(ഇ) വേട്ടുവൻ, പുലയ വേട്ടുവൻ സമുദായങ്ങളെ പഴയ കൊച്ചി പ്രദേശത്തുമാത്രം പട്ടികജാതികളായി കണക്കാക്കി പ്രാദേശിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുമൂലം പഴയ കൊച്ചി ഒഴികെയുള്ള എല്ലാ പ്രദേശത്തുമുള്ള വേട്ടുവർക്ക് പട്ടികജാതി പദവി നഷ്ടമായിരിക്കുകയാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കിർത്താഡ്സ് നടത്തിയ 21-4-1990-ലെ 705/84-ാം നമ്പർ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വേട്ടുവൻ, പുലയ വേട്ടുവൻ എന്നീ സമുദായങ്ങളെ പഴയ കൊച്ചി സംസ്ഥാനത്ത് മാത്രം പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്താൻ ശുപാർശ ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 14-6-1991 തീയതിയിലെ മന്ത്രിസഭാ തീരുമാനപ്രകാരം പട്ടികജാതി ലിസ്റ്റ് ഭേഭഗതി ചെയ്യാനുള്ള് ശുപാർശ കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തു.

(ജി) പട്ടികജാതി ലിസ്റ്റിൽ 'നേരിയൻ' എന്ന ഒരു സമുദായത്തെ മാത്രമാണ് പുതുതായി ഉൾപ്പെടുത്തിയിട്ടുള്ളത്. പട്ടികവർഗ്ഗ ലിസ്റ്റിൽ താഴെ കൊടുത്തിട്ടുള്ള എട്ട് സമുദായങ്ങളെ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

1. ചോലീ നായ്ക്കൻ
2. കരിംപാലൻ
3. മലപണിക്കർ
4. മലവേട്ടുവൻ
5. മാവിലൻ
6. തേൻകുറുമ്പൻ, ജേനുകുറുമ്പൻ
7. തച്ചനാടൻ, തച്ചനാടൻ മൂപ്പൻ
8. വേട്ടകുറുമൻ

പട്ടികജാതി-പട്ടികവർഗ്ഗ സംവരണം സംബന്ധിച്ച ഹൈക്കോടതി വിധി

134 (1026) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുമ്പോൾ നിയമപ്രകാരം അനുവദിച്ചിട്ടുള്ള 10 ശതമാനം പട്ടികജാതി-പട്ടികവർഗ്ഗ സംവരണം കവിയരുതെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ഉത്തരവിൻപ്രകാരമുള്ള നിയമനങ്ങൾക്ക് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ഉണ്ടെങ്കിൽ ഇതിനെതിരെ നിയമനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇത് സംബന്ധിച്ച് ഇലക്ട്രിസിറ്റി ബോർഡുമായി ബന്ധപ്പെട്ട ചില കേസുകളിൽ സംവരണം 10% കവിയരുതെന്ന് ബഹു ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly